നം. ഇ.എസ് 3-3101/2020/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 16/01/2020

# സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പ്- ജീവനക്കാര്യം – സ്റ്റോർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രൊമോഷൻ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്-

സൂചന :

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിൽ നിന്നും സ്റ്റോർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രൊമോഷൻ നടപടികളുടെ ഭാഗമായി 2020 വർഷത്തേയ്ക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി, ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗത്തിൽ സമർപ്പിക്കുന്നതിലേക്കായി ഇതോടനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുള്ള, പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ മാരുടെ 2017, 2018, 2019 വർഷത്തിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ 31-01-2020 നകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സെൽഫ് അസസ്സ്മെന്റ് വ്യക്തമായും കാര്യമാത്ര പ്രസക്തമായും, കഴിവതും ടൈപ്പ് ചെയ്തും സമർപ്പിക്കേണ്ടതാണ്. ഒരു കലണ്ടർ വർഷത്തേയ്ക്കാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. ഒരു കലണ്ടർ വർഷത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പ് കൂടി കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടുള്ളതും സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന യോഗ്യതയുള്ളതുമായ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും മറ്റ് അനുബന്ധ രേഖകളും കർശനമായും വാങ്ങി പരിശോധിക്കേണ്ടതും ആയത് സമയപരിധിക്കുള്ളിൽ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാകാത്തതിനാൽ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന്റെ ഉത്തരവാദിത്വം അതാത് ജില്ലാ മെഡിക്കൽ ആഫീസർമാരിൽ നിക്ഷിപ്തമായിരിക്കും.

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താക്കൾ

ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ഇടുക്കി/കോട്ടയം/ആലപ്പുഴ/എറണാകുളം/
തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർകോഡ്

പകർപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

0456726 GOVERNMENT OF KERALA